Page 1 of 2

(സി) ചേർത്തല മണ്ഡലത്തിൽ ഈ കാലയളവിൽ നടന്ന മോഷണങ്ങളിൽ എത്ര എണ്ണം അന്യസംസ്ഥാനക്കാരായ കുറ്റവാളികൾ നടത്തിയവയാണെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

(എ) ഈ സർക്കാരിന്റെ കാലത്ത് ചേർത്തല മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ 54 ഭവനഭേദന കേസ്സുകളും, 77 മോഷണ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 26 ഭവനഭേദന കേസ്സുകളിലെ പ്രതികളെയും, 49 മോഷണ കേസുകളിലെ പ്രതികളെയും പിടികൂടിയിട്ടുണ്ട്.

(ബി) ഈ സംഭവവുമായി ബന്ധപ്പെട്ട് ചേർത്തല പോലീസ് സ്റ്റേഷനിൽ ക്രൈം 989/13 നമ്പർ കേസ്സിലേക്ക് അന്വേഷണം നടത്തിയതിൽ പ്രതികളെ സംബന്ധിച്ചോ, മോഷണം നടത്തിയ മുതലുകൾ കണ്ടെത്തുന്നത് സംബന്ധിച്ചോ യാതൊരുവിധ തെളിവും ലഭിച്ചിട്ടില്ല. ശാസ്ത്രീയ കുറ്റാന്വേഷണ നടപടികൾ ഉൾപ്പെടെ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തി കേസന്വേഷണം തുടരുന്നു.

(സി) ചേർത്തല മണ്ഡലത്തിൽ ഈ കാലയളവിൽ നടന്ന മോഷണങ്ങളിൽ തമിഴ്നാട് സ്വദേശികൾ പ്രതികളായിട്ടുള്ള 7 കേസ്സുകളും കർണ്ണാടക സ്വദേശി പ്രതിയായിട്ടുള്ള ഒരു കേസും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അതിക്രമങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ എന്നിവയിലുണ്ടായ വർദ്ധനവ്**

175 (5106) ശ്രീ. എ. കെ. ബാലൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എളമരം കരീം :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അതിക്രമങ്ങൾ വർദ്ധിക്കുന്നതായും സമൂഹം കടുത്ത അരക്ഷിതാവസ്ഥയിലകപ്പെട്ടിരിക്കുന്നതായും പറയപ്പെടുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ക്രമസമാധാനപാലനത്തിൽ ഏറ്റവും മുന്നിലായിരുന്ന കേരളം ഇത്രപെട്ടെന്ന് ഈ നിലയിലേക്ക് മാറാനിടയാക്കിയത് നയവൈകല്യങ്ങളാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കുറ്റകൃത്യങ്ങളുടെ എണ്ണം ലഭ്യമാണോ ; എങ്കിൽ ഇനം തിരിച്ച് വെളിപ്പെടുത്താമോ ; വിവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരിൽ ഇപ്പോഴും അറസ്റ്റ് ചെയ്യപ്പെടാത്തവരെത്ര ;

(ഡി) പോലീസിന്റെ പ്രവർത്തനങ്ങൾ ദുർബലമാണെന്നും ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസം നഷ്ടപ്പെടാനിടയായെന്നുമുള്ള ആക്ഷേപം എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) അതിക്രമങ്ങൾ വർദ്ധിക്കുന്നതായും സമൂഹം കടുത്ത അരക്ഷിതാവസ്ഥയിലകപ്പെട്ടിരിക്കുന്ന അവസ്ഥ സംസ്ഥാനത്തുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) ഇത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന പോലീസിന്റെ പ്രവർത്തനം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മികച്ചതും ജനസൗഹൃദപരമാണെന്നുള്ള വിലയിരുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## മണിയൻപിള്ളയുടെ കൊലപാതകം

176 (5107) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരിപ്പള്ളി പോലീസ് സ്റ്റേഷനിലെ ജീപ്പ് ഡ്രൈവർ ആയി ജോലി നോക്കിയിരുന്ന മണിയൻപിള്ളയുടെ കൊലപാതകം നടന്നത് എന്നാണ് ; നാളിതുവരെ പ്രതികളെ പിടികൂടുന്നതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രതികളെ അറസ്റ്റ് ചെയ്യുവാൻ കഴിയാത്ത സാഹചര്യത്തിൽ നിലവിലുള്ള അന്വേഷണസംഘത്തെ മാറ്റി അന്വേഷണ ചുമതല മറ്റാരെയെങ്കിലും ഏൽപ്പിക്കുവാൻ സന്നദ്ധമാകുമോ ;

(സി) പോലീസ് ഉദ്യോഗസ്ഥൻമാരെ കൊലപ്പെടുത്തിയ സമാന കേസ്സുകളിൽ പ്രതികളെ പിടികൂടുവാൻ കഴിയാത്ത എത്ര കേസ്സുകൾ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ട് ; ആയതിന്റെ വിശദാംശം അറിയിക്കുമോ ?

## ഉത്തരം

(എ) 26-6-2012-ലാണ് ശ്രീ. മണിയൻപിള്ളയുടെ കൊലപാതകം നടന്നത്. പ്രസ്തുത സംഭവത്തിന്മേൽ പാരിപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 796/12 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരികയാണ്. ലഭിക്കുന്ന വിവരങ്ങൾ വെരിഫൈ ചെയ്തും, പ്രതിയായ ആട് ആന്റണിയുടെ ഫോട്ടോകൾ പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയും, വെബ്സൈറ്റുകളിലൂടെയും പരസ്യപ്പെടുത്തിയും ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ബി) നിലവിലുള്ള അന്വേഷണ സംഘം പ്രതിയെ അറസ്റ്റു ചെയ്യുന്നതിനുള്ള ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നതിനാൽ അന്വേഷണ സംഘത്തെ മാറ്റേണ്ട ആവശ്യകത ഉള്ളതായി കാണുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly